# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2671 — 09/03/2017 -ലെ മറുപടി

## കുട്ടനാടിന്റെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) കുട്ടനാടിന്റെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ, ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മാതൃകയിൽ, എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) കുട്ടനാട് പ്രദേശത്തെ ജലക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനുവേണ്ടി ഒരു സമഗ്ര കുടിവെള്ള പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റി രൂപം നൽകിയിട്ടുണ്ട്. കഴിഞ്ഞ പൊതുബഡ്ജറ്റിൽ പ്രഖ്യാപിച്ച കുട്ടനാട് സമഗ്രകുടിവെള്ള പദ്ധതിക്കു വേണ്ടിയുള്ള 195 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രത്യേക നിക്ഷേപപദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് പരിശോധിച്ചു വരുന്നു. |
| (ബി) കുട്ടനാടിന്റെ കുടിവെള്ള പ്രശ്നവും ഓര് പ്രശ്നവും പരിഹരിക്കാൻ വിശദമായ പഠനം നടത്തി നടപടികൾ സ്വീകരിക്കുമോ? | (ബി) തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ താഴ്ത്തി ഓരുവെള്ളം കുട്ടനാട്ടിൽ കയറുന്നത് തടഞ്ഞിട്ടുണ്ട്. വിവിധ കൈത്തോടുകളിൽ കൂടി ഓരുവെള്ളം കയറാതിരിക്കാൻ മൈനർ ഇറിഗേഷൻ ചെങ്ങന്നൂരിന്റെയും കെ.ഡി.ഡിവിഷൻ തണ്ണീർമുക്കത്തിന്റെയും കീഴിൽ ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിലും വിവിധ പഞ്ചായത്തുകൾ, പാടശേഖര സമിതികൾ എന്നിവ മുഖാന്തിരവും ഓരുമുട്ടുകൾ നിർമ്മിച്ചുവരുന്നു. പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുവാൻ വിശദമായ പഠനങ്ങൾ ആവശ്യമാണെങ്കിൽ നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ

JSK/